# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 487* — 01.07.2019 ൽ മറുപടിക്ക്

### ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. കെ. ആൻസലൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിലെത്തി ഹ്രസ്വകാലം കൊണ്ട് ഒന്നര ലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകും വിധം ചെറുകിട വ്യവസ്ായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) നിലവിലുള്ളതും പുതിയതുമായ ഒട്ടനവധി പദ്ധതികൾ ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം, സുതാര്യമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന നിയമങ്ങൾ ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2:ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ പുത്തനുണർവ് പ്രദാനം ചെയ്തു കൊണ്ട് കേരള വ്യവസായ വാണിജ്യ നയം 2018 പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിലെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>MSME മേഖലയിലെ വ്യവസായ സംരംഭകർക്കായി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.<br><br>• സംരംഭകത്വ സഹായപദ്ധതി<br><br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി |

- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി
- തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി
- ഇ.ഡി.ക്ലബ്ബ്
- ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

പരമാവധി സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി സ്ഥലം അനുവദിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നു. ആയതിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നും ബഹുനില സമുച്ചയങ്ങൾ നിർമ്മിച്ച് പശ്ചാത്തല സൗകര്യം ഒരുക്കി സംരംഭകർക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിലെ അഭ്യസ്തവിദ്യരും, തൊഴിലന്വേഷകരുമായ യുവാക്കളെ സംരംഭകർ ആക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാതലങ്ങളിൽ നടത്തിവരുന്ന വിവിധ സംരംഭകത്വ പരിശീലന പരിപാടികളായ ഇഡിപി, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ ബോധവൽക്കരണ പരിപാടി എന്നിവ മുഖാന്തിരം കൂടുതൽ സംരംഭകരെ വ്യവസായ സംരംഭകർ ആക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്

കെ.എസ്.ഐ.ഡി.സി മുഖേന വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ നൽകി വരുന്നു.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് സൃഷ്ടിക്കാനായ വ്യവസായ സൗഹൃദാന്തരീക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് നയിക്കാനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ടോ; അതിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ; | ബി) | വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും സംരംഭകത്വ ബോധവത്കരണ പരിപാടി, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റ്, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.ഈ പരിപാടികളിലൂടെ ഒരു വർഷം ശരാശരി 30000 -ൽ പരം സംരംഭകർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുകയും ഇതിൽ 6000 ഓളം പേർ സംരംഭരാകുകയും ചെയ്തതായി മുൻ വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| സി) | ചെറുകിട ഇടത്തരം മേഖലകളിലെ ഉല്പന്നങ്ങൾക്ക് അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ? | സി) | കേരളത്തിലെ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും വിപണന മേളകൾ വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കെ-ബിപ്പ് സംഘടിപ്പിച്ചു വരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനും വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ് മീറ്റുകളും കെ-ബിപ്പ് ഒരുക്കി കൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ